I/5656812/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/122/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-03-2023

# സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കൃഷി ആവശ്യത്തിന് വിവിധ പമ്പ് സെറ്റുകൾക്ക് സബ്സിഡി നൽകുന്നത് - പമ്പ് സെറ്റിന്റെ അനുബന്ധ ഉപകരണങ്ങളുടെ യൂണിറ്റ് നിരക്ക്/വില നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 08.03.2023 ന് നടന്ന യോഗത്തിന്റെ തീരുമാനം 3.4

**********************

പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച സൂചിത മാർഗ്ഗരേഖ ഖണ്ഡിക 6.1.12, 6.1.13 പ്രകാരം കൃഷി ആവശ്യത്തിന് സബ്മേഴ്സിബിൾ/പോർട്ടബിൾ പമ്പ്/ വെർട്ടിക്കൽ/ആക്സിയൽ ഫ്ലോ പമ്പ്, പെട്ടിയും പറയും, സോളാർ പമ്പ് എന്നിവയ്ക്ക് സബ്സിഡി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ഇതിന്റെ യൂണിറ്റ് നിരക്ക് ജില്ലാതലത്തിലാണ് നിശ്ചയിക്കേണ്ടത്. എന്നാൽ പമ്പ് സെറ്റിന്റെ അനുബന്ധ ഉപകരണങ്ങളുടെ യൂണിറ്റ് നിരക്ക്/വില എത്രയാണെന്നു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അവ്യക്തതയുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പമ്പ് സെറ്റിന്റെ അനുബന്ധ ഉപകരണങ്ങളുടെ യൂണിറ്റ് നിരക്ക്/വില ജില്ലാതലത്തിൽ നിശ്ചയിക്കാവുന്നതാണെന്ന് വ്യക്തത വരുത്തുന്നു.

SREEKALA R
അണ്ടർ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

8. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, കൃഷി വകുപ്പ്
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sureshkumar K

Date: 20-03-2023 11:11:13

സെക്ഷൻ ഓഫീസർ.